**മധുരമായ കുട്ടികളെ – സദ്ഗതിയിലേക്ക് പോകണമെങ്കിൽ ബാബയോട് പ്രത്ജ്ഞ ചെയ്യൂ– ബാബാ ഞങ്ങൾ അങ്ങയെ തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കും.**

**ചോദ്യം** – ഏത് പുരുഷാർത്ഥത്തിന്റെ ആധാരത്തിലാണ് സത്യയുഗീ ജന്മസിദ്ധ അധികാരം പ്രാപ്ത മാകുന്നത്?
**ഉത്തരം** – ഇപ്പോൾ പൂർണ്ണമായും യാചകനാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യൂ. പഴയ ലോകത്തു നിന്ന് മമത്വം ഇല്ലാതാക്കി എപ്പോൾ പൂർണ്ണമായ യാചകനാകുന്നുവോ അപ്പോൾ മാത്രമേ സത്യയുഗീ ജന്മസിദ്ധ അധികാരം പ്രാപ്തമാകൂ. ബാബ പറയുന്നു, മധുരമായ കുട്ടികളെ ഇപ്പോൾ സൂക്ഷിപ്പുകാരനാകൂ. പഴയ മോശമായ എന്തെല്ലാമുണ്ടോ എല്ലാം ട്രാൻസ്ഫർ ചെയ്യൂ, ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിൽ വന്നു ചേരും. വിനാശം മുന്നിൽ നിൽക്കുകയാണ് അതിനാൽ പഴയ ഭാണ്ഡം മുറുക്കി വെക്കൂ.

**ഗീതം** – ഭോലാനാഥനെക്കാൾ വിചിത്രനായി വേറെയാരും തന്നെയില്ല.......

**ഓം ശാന്തി**. നിങ്ങൾ വിദ്യാർത്ഥികളാണ്. ഉയർന്നതിലും ഉയർന്ന നോളേജ്ഫുളായ ബാബ നിങ്ങളെ പഠിപ്പിക്കുകയാണ്, അതിനാൽ തീർച്ചയായും നോട്ടെഴുതണം എന്തുകൊണ്ടെന്നാൽ പിന്നീട് റിവൈസ് ചെയ്യിക്കണം, മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നിലും സഹജമാകുന്നു. ഇല്ലായെങ്കിൽ മായ അങ്ങി നെയാണ് അത് ഒരുപാട് പോയിന്റുകൾ മറപ്പിക്കുന്നു. ഈ സമയം നിങ്ങൾ കുട്ടികളുടെ യുദ്ധം മായാ രാവണനോടൊപ്പമാണ്. നിങ്ങൾ എത്രത്തോളം ശിവബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം മായ മറപ്പിക്കുന്നതിന്റെ പരിശ്രമം ചെയ്യും. ജ്ഞാനത്തിന്റെ പോയിന്റും മറപ്പിക്കുന്നതിന്റെ പരിശ്രമം ചെയ്യും. ഇടക്കിടക്ക് നല്ല പോയിന്റുകൾ ഓർമ്മ വരും, പിന്നീട് അവിടവിടെ അപ്രത്യക്ഷമാകും എന്തുകൊണ്ടെന്നാൽ ഇത് പുതിയ ജ്ഞാനമാണ്. ബാബ പറയുന്നു കല്പം മുമ്പും ഈ ജ്ഞാനം നിങ്ങൾ ബ്രാഹ്മണർക്ക് നൽകിയിരുന്നു. ബ്രാഹ്മണരെ തന്നെയാണ് തന്റെതാക്കി മാറ്റുന്നത്, ബ്രഹ്മാവിന്റെ മുഖത്തിലൂടെ. ഈ കാര്യങ്ങൾ ഒരു ഗീതയിലും എഴുതിയിട്ടില്ല. ശാസ്ത്രങ്ങളെല്ലാം പിന്നീടാണ് ഉണ്ടാക്കുന്നത്. എപ്പോൾ ധർമ്മം സ്ഥാപിക്കുന്നുവോ, ആ സമയം എല്ലാ ശാസ്ത്രങ്ങളും ഉണ്ടാക്കുന്നില്ല. കുട്ടികൾക്ക് മനസ്സിലായി ആദ്യമാദ്യം ജ്ഞാനം, പിന്നീടാണ് ഭക്തി. ആദ്യം സതോപ്രധാനം പിന്നീട് സതോ രജോ തമോയിൽ വരുന്നു അതിനാൽ മനുഷ്യർ എപ്പോഴാണോ രജോയിൽ വരുന്നത് അപ്പോൾ ഭക്തി ആരംഭിക്കുന്നു. സതോപ്രധാന സമയത്ത് ഭക്തിയുണ്ടാകുന്നില്ല. ഡ്രാമയിൽ ഭക്തിമാർഗ്ഗത്തിന്റെയും പാർട്ടടങ്ങിട്ടുണ്ട്. ഈ ശാസ്ത്രം മുതലായ എല്ലാം ഭക്തിമാർഗ്ഗത്തിൽ ഉപയോഗിക്കുന്നു. നിങ്ങൾ ഈ ജ്ഞാനത്തിന്റെയും യോഗത്തിന്റെയും ഏതെല്ലാം പുസ്തകമുണ്ടാക്കുന്നുവോ, ഇത് വീണ്ടും പഠിച്ച് റീഫ്രഷാകുന്നതിന് വേണ്ടിയാണ്. ബാക്കി ടീച്ചർക്കല്ലാതെ വേറെയാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. ഗീതയുടെ ടീച്ചറാണ് ശ്രീമദ് ഭഗവാൻ. അവർ വിശ്വത്തിന്റെ രചയിതാവാണ്, സ്വർഗ്ഗം രചിക്കുന്നു. അവർ എല്ലാവരുടെയും അച്ഛനാണെങ്കിൽ തീർച്ചയായും അച്ഛനിൽ നിന്ന് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവിയുടെ സമ്പത്ത് ലഭിക്കണം. സത്യയുഗത്തിൽ ദേവീ–ദേവതകളുടെ രാജ്യമാണ്. ഇപ്പോൾ നിങ്ങൾ സംഗമയുഗീ ബ്രാഹ്മണരാണ്. വിഷ്ണുവിന്റെ ചിത്രത്തിൽ 4 വർണ്ണങ്ങൾ കാണിച്ചിട്ടുണ്ടല്ലോ. ദേവതാ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ..... അഞ്ചാമത്തെ വർണ്ണമാണ് ബ്രാഹ്മണന്റെ. എന്നാൽ അവർക്കിത് ഒട്ടും തന്നെ അറിയുകയില്ല. ഉയർന്നതിലും ഉയർന്നതാണ് ബ്രാഹ്മണ വർണ്ണം. ഉയർന്നതിലും ഉയർന്ന പരംപിതാ പരമാത്മാവിനെയും മറന്നു പോയി. അത് ശിവനാണ് ബ്രഹ്മാ, വിഷ്ണു, ശങ്കറിന്റെ രചയിതാവ്. ത്രിമൂർത്തി ബ്രഹ്മാവെന്ന് പറയുന്നു, പക്ഷെ ഇതിന്റെയൊന്നും അർത്ഥം തന്നെ പിടിയില്ല. അഥവാ ബ്രഹ്മാ, വിഷ്ണു, ശങ്കർ മൂന്ന് പേരും സഹോദരന്മാരാണങ്കിൽ ഇവരുടെ അച്ഛനും വേണമല്ലോ. അതിനാൽ ബ്രാഹ്മണൻ, ദേവീ–ദേവതാ, ക്ഷത്രിയൻ..... മൂന്ന് ധർമ്മത്തിന്റെയും രചയിതാവ് ആ നിരാകാരനായ ബാബയാണ്, ആരെയാണോ ഗീതയുടെ ഭഗവാൻ എന്ന് പറയുന്നത്. ദേവതകളെ പോലും ഭഗവാൻ എന്ന് പറയാൻ സാധിക്കില്ല അപ്പോൾ മനുഷ്യനെ എങ്ങനെ പറയാൻ കഴിയും. ഉയർന്നതിലും ഉയർന്നത് ശിവബാബ പിന്നീട് സൂക്ഷ്മവതനവാസികളായ ബ്രഹ്മാ, വിഷ്ണു, ശങ്കർ, പിന്നീട് ഈ വതനത്തിൽ ആദ്യമാദ്യം ശ്രീ കൃഷ്ണൻ. ആദ്യമാദ്യം ശിവജയന്തി മഹിമയുണ്ട്, ത്രിമൂർത്തീ ജയന്തി എവിടെയും കാണിക്കുന്നില്ല എന്തുകൊണ്ടെന്നാൽ മൂന്ന് പേർക്കും ആരാണ് ജന്മം നൽകുന്നത്, ഇതാർക്കും അറിയുകയില്ല. ഇത് ബാബ തന്നെയാണ് വന്ന് പറഞ്ഞു തരുന്നത്. ഉയർന്നതിലും ഉയർന്ന ബാബയാണ് വിശ്വത്തിന്റെ അധികാരീ, പുതിയ ലോകത്തിന്റെ രചയിതാവ്. സ്വർഗ്ഗത്തിൽ ഈ ലക്ഷ്മീ നാരായണൻ രാജ്യം ഭരിക്കുന്നു.

സൂക്ഷ്മവതനത്തിൽ രാജധാനിയുടെ പ്രശ്നം തന്നെയില്ല. ഇവിടെ ആരാണോ പൂജ്യരായി മാറുന്നത്, അവർക്ക് തന്നെ പൂജാരിയായി മാറണം. ദേവതാ, ക്ഷത്രിയൻ..... ഇപ്പോൾ വീണ്ടും ബ്രാഹ്മണരാകുന്നു. ഈ വർണ്ണം ഭാരതത്തിന്റെ തന്നെയാണ് വേറെയാരും ഈ വർണ്ണങ്ങളിൽ വരാൻ കഴിയുകയില്ല. ഈ 5 വർണ്ണങ്ങളിൽ കേവലം നിങ്ങൾ ചക്രം കറങ്ങുന്നു. നിങ്ങൾക്കാണ് പൂർണ്ണമായും 84 എടുക്കേണ്ടത്. നിങ്ങൾക്കറിയാം ശരിക്കും നമ്മൾ ഭാരതവാസികൾ ആരാണോ ദേവീ–ദേവതാ ധർമ്മത്തിലുള്ളവർ, അവരേ 84 ജന്മങ്ങളെടുക്കൂ. നിങ്ങൾ ബ്രാഹ്മണരുടെ തന്നെയാണ് ജ്ഞാനത്തിന്റെ ഈ മൂന്നാമത്തെ നേത്രം തുറക്കുന്നത്, പിന്നീട് ഈ ജ്ഞാനം തന്നെയാണ് പ്രായലോപമായി പോകുന്നത്. പിന്നെ ഗീതാശാസ്ത്രം എവിടെ നിന്ന് വന്നു. ക്രിസ്തു ധർമ്മം സ്ഥാപിക്കുമ്പോൾ ബൈബിൾ കേൾപ്പിക്കുന്നില്ല. അവർ പവിത്രതയുടെ ബലത്തിലൂടെ ധർമ്മം സ്ഥാപിക്കുകയാണ്. ബൈബിൾ മുതലായവ പിന്നീടാണ് ഉണ്ടാക്കുന്നത്, എപ്പോൾ അവരുടെ വർദ്ധനവ് ഉണ്ടാകുന്നുവോ അപ്പോൾ ചർച്ച് മുതലായവ ഉണ്ടാക്കുന്നു. അതുപോലെയാണ് അരകല്പത്തിന് ശേഷം ഭക്തിമാർഗ്ഗം ആരംഭിക്കുന്നത്. ആദ്യം ഒന്നിന്റെ മാത്രം അവ്യഭിചാരി ഭക്തിയാണുണ്ടാവുന്നത്, പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെ. ഇപ്പോഴാണെങ്കിലോ നോക്കൂ 5 തത്വങ്ങളുടെയും പൂജ ചെയ്തുകൊണ്ടിരിക്കുന്നു, ഇതിനെ തമോപ്രധാന പൂജയെന്ന് പറയുന്നു. അതും തീർച്ചയായും ഉണ്ടാവണം. ഭക്തിമാർഗ്ഗത്തിൽ ശാസ്ത്രവും വേണം. ദേവീ–ദേവതാ ധർമ്മത്തിന്റെ ശാസത്രമാണ് ഗീത. ബ്രാഹ്മണ ധർമ്മത്തിന്റെ ഒരു ശാസ്ത്രവുമില്ല. ഇപ്പോൾ മഹാഭാരത യുദ്ധത്തിന്റെ വൃത്താന്തവും ഗീതയിലാണ്. പാടപ്പെടുന്നു രുദ്ര ജ്ഞാന യജ്ഞത്തിലൂടെ വിനാശത്തിന്റെ ജ്വാല പുറത്തു വന്നു. തീർച്ചയായും എപ്പോഴാണോ വിനാശം അപ്പോഴാണ് സത്യയുഗീ രാജധാനീ സ്ഥാപിതമാകുന്നത്. അതിനാൽ ഭഗവാനാണ് ഈ യജ്ഞം രചിച്ചത്, ഇതിനെ രുദ്ര ജ്ഞാന യജ്ഞം എന്ന് പറയുന്നു. ജ്ഞാനവും ശിവബാബ തന്നെയാണ് നൽകുന്നത്. വാസ്തവത്തിൽ ഭാരതത്തിന്റെ ശാസ്ത്രം ഒന്ന് മാത്രമാണ്. ക്രിസ്തുവിന്റെ ബൈബിൾ ഉണ്ട് – ക്രിസ്തുവിന്റെ ജീവിത കഥയെ ജ്ഞാനമെന്ന് പറയുകയില്ല. ബാബ യുടേതാണ് ജ്ഞാനം. ജ്ഞാനം നൽകുന്നതും ഒന്ന് മാത്രമാണ്, അവരാണ് വിശ്വത്തിന്റെ അധികാരി. എന്നാൽ ബാബയെ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയെന്നും പറയാം. ബാബ സൃഷ്ടിയുടെ അധികാരിയാകുന്നില്ല. നിങ്ങൾ കുട്ടികൾ സൃഷ്ടിയുടെ അധികാരിയായി മാറുന്നു. ബാബ പറയുന്നു ഞാൻ തീർച്ചയായും ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. നിങ്ങൾ കുട്ടികളോടൊപ്പം ബ്രഹ്മലോകത്തിൽ വസിക്കുന്നു. എപ്രകാരമാണോ ബാബ അവിടെ വസിക്കുന്നത്, നമ്മളും അവിടെ പോകും അപ്പോൾ നമ്മളും അധികാരിയായി.

ബാബ പറയുന്നു നിങ്ങൾ എല്ലാ ആത്മാക്കളും എന്നോടൊപ്പം ബ്രഹ്മാണ്ഡത്തിൽ വസിക്കുന്നവരാണ്. അതിനാൽ ഞാനും നിങ്ങളും ബ്രഹ്മാണ്ഡത്തിന്റെ അധികാരികളാണ്. പക്ഷെ നിങ്ങളുടെ പദവി എന്നെക്കാൾ ഉയർന്നതാണ്. നിങ്ങൾ മഹാരാജാവും മഹാറാണിയുമാകുന്നു, നിങ്ങൾ തന്നെയാണ് പൂജ്യരിൽ നിന്ന് പൂജാരിയാകുന്നത്. നിങ്ങൾ പതിതരെ ഞാൻ വന്ന് പാവനമാക്കുന്നു. ഞാനാണെങ്കിൽ ജനന–മരണ രഹിതനാണ്, പിന്നീട് സാധാരണ ശരീരത്തിന്റെ ആധാരമെടുത്ത് സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തിന്റെ രഹസ്യം നിങ്ങൾക്ക് പറഞ്ഞു തരുന്നു. ബ്രഹ്മാണ്ഡം, സൂക്ഷ്മവതനം, സൃഷ്ടി ചക്രത്തിന്റെ രഹസ്യം അറിയുന്നവരായി നിങ്ങൾ കുട്ടികളല്ലാതെ ഇങ്ങനെ ഒരു വിദ്വാൻ, പണ്ഡിതനുമുണ്ടാവില്ല. നിങ്ങൾക്കറിയാം ജ്ഞാനത്തിന്റെ സാഗരം, പവിത്രതയുടെ സാഗരമാണെങ്കിൽ പരംപിതാ പരമാത്മാവ് തന്നെയാണ്. അവരുടെ മഹിമ അപ്പോഴാണ് പാടപ്പെടുന്നത് എപ്പോഴാണോ നമുക്ക് ജ്ഞാനം നൽകുന്നത്. അഥവാ ജ്ഞാനം നൽകുന്നില്ലെങ്കിൽ മഹിമയെങ്ങനെ പാടും. ബാബ ഒരു തവണയാണ് വന്ന് കുട്ടികൾക്ക് സമ്പത്ത് നൽകുന്നത് – 21 ജന്മത്തേക്ക് വേണ്ടി. 21 ജന്മങ്ങളുടെ പരിമിതിയുണ്ട്, സദാ കാലത്തേക്ക് വേണ്ടി നൽകുന്നു എന്നല്ല. 21 തലമുറ അർത്ഥം 21 വാർദ്ധക്യം വരെ. വാർദ്ധക്യത്തെയാണ് തലമുറ എന്ന് പറയപ്പെടുന്നത്. 21 തലമുറ നിങ്ങൾക്ക് രാജ്യഭാഗ്യം ലഭിക്കുന്നു. ഒന്നിന് പുറകെ 21 കുലത്തിന്റെ ഉദ്ധാരമുണ്ടാകുന്നു എന്നല്ല. ഇതാണെങ്കിൽ മനസ്സിലാക്കി തന്നിട്ടുണ്ട് ഈ രാജയോഗത്തിലൂടെ നിങ്ങൾ രാജാക്കന്മാരുടെയും രാജാവായി മാറുകയാണ്, പിന്നീട് അവിടെ ജ്ഞാനത്തിന്റെ ആവശ്യമുണ്ടാകുന്നില്ല. അവിടെ നിങ്ങൾ സദ്ഗതിയിലാണ്. ആരാണോ ദുർഗതിയിൽ അവർക്കാണ് ജ്ഞാനം വേണ്ടത്. ഇപ്പോൾ നിങ്ങൾ സദ്ഗതിയിലേക്ക് പോവുകയാണ്, ദുർഗതിയിലേക്ക് കൂട്ടികൊണ്ട് വരുന്നത് മായാ രാവണനാണ്. ഇപ്പോൾ സദ്ഗതിയിലേക്ക് പോകണമെങ്കിൽ ബാബയുടെതായി മാറേണ്ടതുണ്ട്, പ്രതിജ്ഞ ചെയ്യേണ്ടതുണ്ട് – ബാബാ ഞങ്ങൾ സദാ അങ്ങയെ ഓർമ്മിച്ചുകൊണ്ടിരിക്കും. ദേഹത്തിന്റെ അഭിമാനം വിട്ട് ഞങ്ങൾ ദേഹിയായിരിക്കും. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും ഞങ്ങൾ പവിത്രമായിരിക്കും. മനുഷ്യർ പറയുന്നു ഇത് എങ്ങനെ സംഭവിക്കും. ബാബ പറയുന്നു, ഈ അന്തിമ ജന്മത്തിൽ പവിത്രമായി മാറി എന്നോടൊപ്പം യോഗം വെക്കൂ എങ്കിൽ തീർച്ചയായും നിങ്ങളുടെ വികർമ്മം വിനാശമാകും, ചക്രത്തെ ഓർമ്മിക്കുകയാണെങ്കിൽ ചക്രവർത്തീ രാജാവായി മാറും. ബാബയിൽ നിന്ന് തീർച്ചയായും സ്വർഗ്ഗത്തിന്റെ

സമ്പത്ത് ലഭിക്കും. സത്യയുഗീ ദൈവിക സ്വരാജ്യം നിങ്ങളുടെ ജന്മ സിദ്ധ അധികാരമാണ്, അത് നേടികൊണ്ടിരിക്കുകയാണ്. പിന്നീട് ആര് എത്ര പ്രതിജ്ഞ ചെയ്ത് ബാബയോടൊപ്പം സഹായിയാകുന്നുവോ..... ഇതാണെങ്കിൽ നിങ്ങൾക്കറിയാം വിനാശം മുന്നിൽ നിൽക്കുകയാണ്. പ്രകൃതി ക്ഷോഭങ്ങളും വന്നു കഴിഞ്ഞു, അതിനാൽ ബാബ പറയുന്നു തന്റെ പഴയ ഭാണ്ഡങ്ങളെല്ലാം ട്രാൻസ്ഫർ ചെയ്യൂ. നിങ്ങൾ ട്രസ്റ്റിയായി മാറൂ. ബാബ സ്വർണ്ണവ്യാപാരിയുമാണ്, മൊത്തക്കച്ചവടം നടത്തുന്നു. മനുഷ്യർ മരിച്ചാൽ പഴയ സാധനങ്ങൾ ശേഷക്രിയ ചെയ്യുന്നവർക്ക് കൊടുക്കുന്നു. നിങ്ങളുടെയും ഈ അഴുക്ക് സാധനങ്ങളെല്ലാം ശ്മശാനത്തിലേക്ക് പോകാനുള്ളതാണ് അതിനാൽ പഴയ വസ്തുക്കളിൽ നിന്ന് മമത്വം വിടൂ, തികച്ചും യാചകനായി മാറൂ. യാചകനിൽ നിന്ന് രാജകുമാരൻ ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും, അത് നിങ്ങളുടെ ജന്മ സിദ്ധ അധികാരമാണ്. ആരെങ്കിലും വന്നാൽ അവരോട് ചോദിക്കൂ വിശ്വത്തിന്റെ രചയിതാവാരാണ്? ഗോഡ് ഫാദറല്ലേ. സ്വർഗ്ഗം തന്നെയാണ് പുതിയ രചന. ബാബയിപ്പോൾ സ്വർഗ്ഗം രചിക്കുന്നു എങ്കിൽ പിന്നെ എന്തുകൊണ്ടാണ് നരകത്തിൽ? എന്തുകൊണ്ട് സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നില്ല! നിങ്ങളെ മായാ രാവണൻ നരകത്തിന്റെ ചക്രവർത്തിയാക്കി മാറ്റിയിരിക്കുകയാണ്. ബാബയാണെങ്കിൽ സ്വർഗ്ഗത്തിന്റെ ചക്രവർത്തിയാക്കി മാറ്റുന്ന ആളാണ്. രാവണൻ ദു:ഖിയാക്കുന്നു അപ്പോൾ രാവണനെക്കൊണ്ടുള്ള ബുദ്ധിമുട്ട് കാരണം രാവണനെ കത്തിക്കുന്നതിന് ശ്രമിക്കുന്നു, പക്ഷെ രാവണൻ കത്തുന്നില്ല. മനുഷ്യർ മനസ്സിലാക്കുന്നില്ല രാവണൻ എന്ത് വസ്തുവാണെന്ന്. പറയുന്നു ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ്..... ഗീത കേൾപ്പിച്ചു. പക്ഷെ ആ സമയത്ത് ഏത് രാജ്യമായിരുന്നു, അത് മനസ്സിലാക്കികൊടുക്കണമല്ലോ. മായ തികച്ചും പതിതമാക്കി മാറ്റിയിരിക്കുന്നു. ആർക്കും അറിയുകയില്ല സ്വർഗ്ഗത്തിന്റെ രചയിതാവാരാണ്. അഭിനേതാവായിട്ടു പോലും നാടകത്തിന്റെ നിർമ്മാതാവ്, സംവിധായകനെ അറിയില്ലെങ്കിൽ എന്തു പറയും! വിനാശത്തിന് വേണ്ടിയുള്ള ഈ മഹാഭാരത യുദ്ധം ഏറ്റവും വലിയ യുദ്ധമാണ്. പാടപ്പെടുന്നുമുണ്ട് ബ്രഹ്മാവിലൂടെ സ്ഥാപന.... കൃഷ്ണനിലൂടെ സ്ഥാപന ഇങ്ങനെ പാടപ്പെടുന്നില്ല. രുദ്ര ജ്ഞാന യജ്ഞം പ്രശസ്ഥമാണ്, ഏതിലൂടെയാണോ വിനാശ ജ്വാല പ്രജ്ജ്വലിതമായത്. ബാബ പറയുന്നു ഞാനാണ് ഈ ജ്ഞാന യജ്ഞം രചിച്ചത്. നിങ്ങളാണ് സത്യമായ ബ്രാഹ്മണർ, ആത്മീയ വഴികാട്ടികൾ. നിങ്ങൾക്കിപ്പോൾ ബാബയുടെയടുത്ത് പോകണം. അവിടെ നിന്ന് പിന്നെ ഈ പതിത ലോകത്തിൽ വരണം. ഇത്(സെന്ററുകൾ) സത്യഖണ്ഡത്തിലേക്ക് കൂട്ടികൊണ്ട് പോകുന്ന സത്യം സത്യമായ തീർത്ഥസ്ഥാനമാണ് ആ തീർത്ഥസ്ഥാനങ്ങൾ അസത്യമായ ഖണ്ഡത്തിലേക്ക് വേണ്ടിയുള്ളതാണ്. അത് ഭൗതീകമായ ദേഹ അഭിമാനത്തിന്റെ യാത്രയാണ്. ഇത് ദേഹീ അഭിമാനീ യാത്രയാണ്.

നിങ്ങൾക്കറിയാം വീണ്ടും പുതിയ ലോകത്തിൽ വന്ന് തന്റെ സ്വർണ്ണത്തിന്റെ കൊട്ടാരമുണ്ടാക്കും. സാഗരത്തിൽ നിന്ന് ഏതെങ്കിലും കൊട്ടാരം പുറത്ത് വരും,അങ്ങനെയല്ല. നിങ്ങൾക്കാണെങ്കിലോ വളരെയധികം സന്തോഷമുണ്ടാവണം, വക്കീലാവും, ഇത് ചെയ്യും എന്ന് പഠിക്കുമ്പോൾ ചിന്തയുണ്ടാവുന്നത് പോലെ. നിങ്ങൾക്കും തോന്നണം സ്വർഗ്ഗത്തിൽ ഇങ്ങനെയിങ്ങനെയുള്ള കൊട്ടാരമുണ്ടാക്കുമെന്ന്. നമ്മൾ പ്രതിജ്ഞ ചെയ്യുകയാണ് തീർച്ചയായും ലക്ഷ്മിയെ വരിക്കും, സീതയെ അല്ല. അതിൽ വളരെ നല്ല പുരുഷാർത്ഥം വേണം. ബാബയിപ്പോൾ സത്യമായ ജ്ഞാനം കേൾപ്പിക്കുകയാണ്, അത് ധാരണ ചെയ്യുന്നതിലൂടെ നമ്മൾ ദേവതയായി മാറികൊണ്ടിരിക്കുന്നു. നമ്പർവണ്ണിൽ വരുന്നത് ശ്രീകൃഷ്ണനാണ്. മെട്രിക്കുലേഷൻ പാസ്സാവുന്നവരുടെ ലിസ്റ്റ് ദിനപത്രങ്ങളിൽ വരാറുണ്ടല്ലോ. നിങ്ങളുടെ സ്ക്കൂളിന്റെ ലിസ്റ്റും പാടപ്പെടുന്നതാണ്. 8 ഫുൾ പാസ്സ്, 8 രത്നങ്ങൾ പ്രസിദ്ധമാണ്, അവർ തന്നെയാണ് കാര്യത്തിൽ വരുന്നത്. 108 ന്റെ മാലയാണെങ്കിൽ വളരെയധികം സ്മരിക്കുന്നു. ചിലരാണെങ്കിൽ 16000 ത്തിന്റെയും ഉണ്ടാക്കുന്നു. നിങ്ങൾ പരിശ്രമം ചെയ്ത് ഭാരതത്തിന്റെ സേവനം ചെയ്യുന്നു, അതിനാൽ എല്ലാവരും പൂജിക്കുന്നു. ഒന്ന് ഭക്തമാലയാണ്, രണ്ടാമത്തെതാണ് രുദ്രമാല.

ഇപ്പോൾ നിങ്ങൾക്കറിയാം ശ്രീമത് ഭഗവത് ഗീതയാണ് മാതാവ്, പിതാവ് ശിവനും. ദൈവീക കുലത്തിൽ ആദ്യമാദ്യം ശ്രീകൃഷ്ണൻ ജന്മമെടുക്കുന്നു. തീർച്ചയായും രാധയും ജന്മമെടുക്കും മറ്റുള്ളവരും കൂടെയുണ്ടാവും. പരംപിതാ പരമാത്മാവിൽ നിന്ന് മുഖം തിരിച്ചത് കാരണം മുഴുവൻ ലോകവും അനാഥരായിരിക്കുകയാണ്. പരസ്പരം എല്ലാവരും വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ആരും സനാഥരല്ല. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ പരിചയം നൽകണം. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1. ദേഹാഭിമാനം വിട്ട് ദേഹീ അഭിമാനിയായി മാറി ഓർമ്മയുടെ യാത്രയിൽ തത്പരരായിരിക്കണം, ഈ അന്തിമ ജന്മത്തിൽ പവിത്രമായി മാറി ബാബയുടെ പൂർണ്ണമായ സഹായിയായി മാറണം.

2. ഏതെല്ലാം പഴയ വസ്തുക്കളുണ്ടോ, അതിൽ നിന്നെല്ലാം മമത്വം കളഞ്ഞ് ട്രസ്റ്റിയായി മാറി ബാബയേയും സമ്പത്തിനേയും ഓർമ്മിച്ച് വിശ്വത്തിന്റെ അധികാരിയായി മാറണം.

**വരദാനം:-സത്യതയോടൊപ്പം സഭ്യതാപൂർവ്വമുള്ള വാക്കും പെരുമാറ്റത്തിലൂടെയും മുന്നേറുന്ന സഫലതാ മൂർത്തിയായി ഭവിക്കട്ടെ.**

സദാ ഓർമ്മയുണ്ടായിരിക്കണം സത്യതയുടെ അടയാളമാണ് സഭ്യത. അഥവാ താങ്കളിൽ സത്യതയുടെ ശക്തിയുണ്ടെങ്കിൽ സഭ്യത ഒരിക്കലും കൈവിടരുത്. സത്യതയെ തെളിയിച്ചോളൂ പക്ഷെ സഭ്യതാപൂർവ്വം. സഭ്യതയുടെ അടയാളമാണ് വിനയം, അസഭ്യതയുടെ അടയാളമാണ് നിർബ്ബന്ധബുദ്ധി. അതിനാൽ സഭ്യതാപൂർവ്വമുള്ള വാക്കും പെരുമാറ്റവും ഉണ്ടെങ്കിൽ സഫലത ലഭിക്കും. ഇത് തന്നെയാണ് മുന്നേറാനുള്ള മാർഗ്ഗം. അഥവാ സത്യതയുണ്ട് സഭ്യതയില്ലെങ്കിൽ സഫലത ലഭിക്കുക സാദ്ധ്യമല്ല.

**സ്ലോഗൻ:- സംബന്ധ സമ്പർക്കത്തിലും സ്ഥിതിയിലും ലൈറ്റാകൂ(മൃദുത്വം) ദിനചര്യയിലല്ല.**